പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2247 — 05.12.2018 ൽ മറുപടിക്ക്

## ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം സെക്ഷനുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇനിയും ഏതെല്ലാം സെക്ഷനുകളിലാണ് നടപ്പിലാക്കാനുള്ളത് വ്യക്തമാക്കുമോ; | (എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | മറ്റ് വകുപ്പുകളിൽ നിന്നും ഇ-ഓഫീസ് വഴി ആരോഗ്യ കുടുംബ ക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന ഐ.എഫ്.എം.എ. ഫയലുകളിൽ ഇപ്പോൾ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | മറ്റ് വകുപ്പുകളിൽ നിന്നും ആരോഗ്യ കുടുംബ ക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന ഐ.എഫ്.എം.എ. ഫയലുകളിൽ പലിശ രഹിത വായ്പ അനുവദിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകുന്നതിനു മുമ്പായി പ്രസ്തുത ഫയൽ ചികിത്സയ്ക്കാവശ്യമായ തുക നിർണ്ണയിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഡയറക്ടറുടെയോ അഭിപ്രായത്തിനായി അയയ്ക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഉൾപ്പെടെ പല കാര്യാലയങ്ങളിലും ഇ-ഫയൽ സംവിധാനം നിലവിൽ വന്നിട്ടില്ല.ആയതിനാൽ, ഫയൽ e-file ആയി അഭിപ്രായത്തിനായി ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകാൻ സാധ്യമല്ല. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന എല്ലാ ഐ.എഫ്.എം.എ.ഫയലുകളിലും സത്വര നടപടി സ്വീകരിക്കാറുണ്ട്. |
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ